നിങ്ങളെപ്പോലെതന്നെ മനുഷ്യരാണു് ഞങ്ങളും. ഞങ്ങൾക്കു നിങ്ങളെപ്പോലെ വിദ്യാഭ്യാസമുണ്ടായാൽ നിങ്ങളോടു നല്ലവാക്കു പറയുവാനോ, ഇങ്ങനെയുള്ള കാര്യങ്ങൾ നിങ്ങളെ ധരിപ്പിയ്ക്കുവാനോ ഇടവരികയില്ല. നിങ്ങൾ പൂജിക്കുന്ന ദൈവമാണു് ഞങ്ങൾക്കും വേണ്ടതു്. അതുകൊണ്ടു് നിങ്ങൾ ഞങ്ങളെ തിരിച്ചുനിറുത്തി ഞങ്ങൾക്കായി ഒരു ദൈവത്തെ പ്രത്യേകിച്ചുവച്ചു് അതാണു് നിങ്ങളുടെ ദൈവമെന്നു ഞങ്ങളെ കാണിച്ചുതരരുതു്. നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഞങ്ങളെ ഏറ്റവും താഴ്ന്ന നിലയിലുള്ള ഒരു വസ്തുക്കാരായി വിചാരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

തുതന്നെ തെറ്റാണ്. ഞാൻ ഇതിനെ സംബന്ധിച്ചു അധികം പറയാതെ കാര്യംമാത്രമേ പറയുന്നുള്ളൂ. വിദ്യാഭ്യാസത്തിൽ 6 ഉം കൊല്ലംവരെ ഗവമ്മെണ്ടിൽനിന്നും കൂടുതൽ ആനുകൂല്യങ്ങൾ ഞങ്ങൾക്കു ചെയ്യുതരണം. ബഡ്ജറു പാസാക്കുന്ന സമയത്തു് അധഃകൃതസംരക്ഷകൻ എഴുതിയയച്ചു എന്നും മറും പറഞ്ഞു് ഗവമ്മെണ്ടു ഞങ്ങൾക്കു നവടിയ്ക്കുന്ന സംഖ്യ വെട്ടിക്കുറയ്ക്കരുതു്.

ഉദ്യോഗം തരണമെന്നാവശ്യപ്പെട്ടപ്പോൾ പഠിപ്പും യോഗ്യതയുമില്ലെന്നുപറഞ്ഞു ഞങ്ങളെ ഒഴിച്ചുകളയുന്ന നയം ഇന്നു പബ്ലിക്കു ഹെൽത്തു ഡയറക്ടരൊഴികെ ബാക്കി ഉദ്യോഗസ്ഥന്മാരെല്ലാം സ്വീകരിച്ചിട്ടുണ്ടെന്നു ഞങ്ങൾക്കറിയുവാനിടവന്നിട്ടുണ്ടു്. ഞാൻതന്നെ ഒന്നര ണ്ടു ഉദ്യോഗങ്ങൾക്കുവേണ്ടി ശ്രമപാശ് ചെയ്തിട്ടുണ്ടു്. അധഃകൃതർ മനുഷ്യരല്ലെന്നോ, മനുഷ്യരൂപം അവക്കില്ലെന്നോ വിചാരിച്ചു ഞങ്ങളെ തള്ളിക്കളയുന്നു. ഇങ്ങനെയുള്ള ഒരു പ്രത്യേകത ഞങ്ങളിൽ ഉണ്ടെന്നു വിചാരിയ്ക്കുന്നതിനെ ഒഴിവാക്കണമെന്നുണ്ടെങ്കിൽ നിർബന്ധ വിദ്യാഭ്യാസംപോലെ ഒരു നയം ഉണ്ടാക്കാതെ നിവൃത്തിയില്ല.

The House rose for lunch at 12-55 p.m. and re-assembled at 2-15 p.m. with the Deputy President (M. R. Ry. A. Sankara Menon Avl., B. A. & B. L.) in the Chair.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— സർ, നിർബന്ധ വിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിൽ പ്രതിക്രൂലികളായി ഈ കൌൺസിലിൽ ആരുംതന്നെ ഉണ്ടായിരിക്കുമെന്നു എനിക്കു വിശ്വാസമില്ല. നിർബന്ധ വിദ്യാഭ്യാസബിൽ പാസാക്കി നടപ്പിൽ വരുത്താത്ത നിലയിൽ ഇവിടെവച്ചു പറഞ്ഞുപോയതുകൊണ്ടു് യാതൊരു പ്രയോജനവും ഇല്ലെന്നു വിശ്വസിക്കുന്നവരിൽ ഒരാളാണു ഞാൻ. പേരിനുവേണ്ടിയോ, പെരുമക്കുവേണ്ടിയോ ഈ സഭയിൽ ഈ പ്രമേയം പാസ്സാക്കുന്നതിനെ അനുകൂലിക്കുവാനുള്ള സന്നദ്ധത എനിക്കില്ല. പ്രായോഗികമായ വശങ്ങളിൽക്കൂടിയുള്ള പ്രവർത്തനങ്ങളിൽമാത്രമേ എനിക്കു വിശ്വാസമുള്ളൂ. നിർബന്ധ വിദ്യാഭ്യാസബിൽ ഇന്നു ഇവിടെ പാസ്സാക്കുന്നപക്ഷം അതു നടപ്പിൽ വരുത്തുവാൻ മറെറാരു ടാക്സ് ഗവമ്മെണ്ടു ചുമത്തുവാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ഈ ബില്ലിനെ അനുകൂലിക്കുവാൻ ഞാൻ ഒരുക്കമാണു്. ആറേഴു കൊല്ലങ്ങൾക്കു് ഇപ്പുറമായി ഗവമ്മെണ്ടിന്റെ വരായ്കയും വർദ്ധിച്ചിട്ടുണ്ടെന്നും ഇൻകംടാക്സ്, ഹാർബർ മുതലായ പുതിയ സ്ഥാപനങ്ങളിൽനിന്നും വരായ്കയും വർദ്ധിച്ചിട്ടുണ്ടെന്നും ഞങ്ങൾക്കറിയാം. ഇനിയും നികുതി വർദ്ധിപ്പിക്കുന്ന മാർഗ്ഗങ്ങളിൽക്കൂടിത്തന്നെ പ്രവേശിച്ചു് അതു വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഞങ്ങൾക്കറിയാം. ഇനിയും നികുതി വർദ്ധിപ്പിക്കുന്ന മാർഗ്ഗങ്ങളിൽക്കൂടിത്തന്നെ പ്രവേശിച്ചു അതു വർദ്ധിപ്പിച്ചു നിർബന്ധ വിദ്യാഭ്യാസം ഭാനമായി നടപ്പിൽ വരുത്തണമെന്നാണു് ഇപ്പോൾ ചില മെമ്പറന്മാർ ഇവിടെ പ്രസംഗിച്ചു കേട്ടതു്. ഇതിനെ അനുകൂലിക്കുവാൻ ഞാൻ ഒരുക്കമില്ല. ഈ നിർബ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്ധ വിദ്യാഭ്യാസത്തെ ഗവമ്മെണ്ടു യാതൊരു പുതിയ ടാക്സുകളും ക്രെ ടാതെ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഞാൻ അ തിനെ സ്വാഗതം ചെയ്യുന്നുണ്ട്. ഒരുപക്ഷെ ഇതു ക്രിയേകഴിയു എ ന്നുണ്ടെങ്കിൽ ഇന്നു ഇവിടെ വന്നിരിക്കുന്ന ബിൽ ടാക്സിനെ ഉദ്ദേശിച്ചു ല്ലെന്നു ഗവമ്മെണ്ടു മനസ്സിലാക്കണം. ഒരു പുതിയ ടാക്സ് ചുമത്താൻ ഗവമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടെങ്കിൽമാത്രമേ ഈ ബിൽ പ്രാവൃത്തികപ ത്തിൽ കൊണ്ടുവരുകയുള്ളൂ എന്നുള്ള നിശ്ചയം, ഈ ബിൽ സെലക്ട് കമ്മിറ്റിക്കു അയച്ചപ്പോൾ ഉണ്ടായിരുന്നതായി എനിക്കറിവില്ല. എന്നുമാത്രമല്ല, നാട്ടുകാരിൽ അതായതു് നികുതി ആദായകന്മാരി ൽ ആരുംതന്നെ ഈ സംഗതി അറിഞ്ഞിട്ടില്ല. അങ്ങിനെ അറിഞ്ഞി രുന്നുവെങ്കിൽ കണ്ടിശമായും ഇന്നു ഇവിടെ ഈ ബില്ലിനു യാതൊ രുവിധമായ സ്ഥാനവും ലഭിക്കുന്നതല്ലെന്നു ധൈര്യമായി എനിക്കു പറ യുവാൻ കഴിയും. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മെമ്പർ അവർകൾ ഇ തിനുമുൻപ് ഇവിടെ പ്രസംഗിച്ചപ്പോൾ "നികുതിയെ സംബന്ധിച്ചു ഞങ്ങൾ വിസ്തരിക്കുന്ന അവസരത്തിൽ ജനങ്ങളോടാലോചിച്ചപ്പോൾ ജ നങ്ങൾ വളരെ പ്രതികൂലമായ നിലയാണു് അവലംബിച്ചിരുന്നതെ"ന്നു പ്രസ്താവിക്കുകയുണ്ടായി. അതുകൊണ്ടു ഞങ്ങൾ മനസ്സിലാക്കുന്നതു് കമ്മിറ്റിക്കാർ പ്രത്യേക നികുതിയെപ്പറ്റി ഒരു പൊതു നിലയിൽ അ ന്വേഷിക്കുകയും അതിന്റെ ഫലം അനുകൂലമല്ലെന്നു പ്രത്യക്ഷത്തിൽ അറിയുകയും ചെയ്തിട്ടുണ്ടെന്നാണു്. ഈ വിധത്തിൽ പൊതുജനങ്ങളു ടെ അനുമതിയില്ലാത്ത സംഗതിയിൽ ഒരു തീരുമാനം പാസാക്കുന്നതു് ഉചിതമല്ലെന്നു മാത്രമല്ല, അവർ അറിയാതെ അവരോടു ചെയ്യുന്ന ഒരു വലിയ അനീതിയുംകൂടി ആയിത്തീരുമെന്നാണു് എനിക്കു പറയാ നുള്ളതു്. അതുകൊണ്ടു് ഒന്നുകിൽ ഈ ബിൽ ഞാൻ മുൻപു് പറഞ്ഞ തുപോലെ നികുതി ചുമത്തുമെന്നുള്ള പ്രസ്താവനയോടുകൂടി വീണ്ടും സെ ലക്ട് കമ്മിറ്റിക്കയച്ചു ശരിയായ അന്വേഷണം നടത്തണം. അല്ലാ ത്തപക്ഷം പൊതുജനങ്ങൾ അറിയാത്ത ഒരു പ്രത്യേക നികുതി ഒരിക്ക ലും അവരെ ചുമത്തരുതു് എന്നുമാത്രമാണു് എനിക്കു ഇവിടെ പറവാ നുള്ളതു്.

Mr. A. Narayana Menon *(Vyttila).*—When this Bill was referred to a select committee, one of the instructions to the committee was to suggest ways and means of bringing into effect the objects of the Bill.

Mr. A. V. Moothedan *(Chalakkudi).*—It was not one of the points.

Mr. A. Narayana Menon *(Vyttila).*—That is how I read the reference. One of the points is that they should suggest ways and means of finding additional funds for the expenses that the Bill when passed into law will demand. Now what the select committee says is—"additional expenditure on primary

education is inevitable" and that "additional funds to handle the increasing demand should be considered independently of this Bill. To make the compulsory education the occasion for such additional taxation is not justifiable in view of the circumstances referred to above." So, in short, what they want us is just to take a leap in the dark. The question is, whether the House is prepared to take such a leap, in the dark. Was it not the object that they should point out and suggest ways and means of meeting the additional financial strain? Now, as it is we are groping in the dark and we do not know where we are drifting to. Unless and until we are sure as to the burden that will fall on us, as to the method of taxation that would come upon the rate-payers, I submit that we cannot blindly allow this to become law. I am not against free and compulsory education being enforced in the State. I do not want that to be introduced in a particular tract or for a particular community; I want it for all the people of the State as a whole. But I want to support the Bill only when I know how the taxation will come upon us, what the shape of the taxation in going to be, whether it is going to be a tax on income or whether it is going to be a tax on land or on any other source. I suggest that an increased taxation in the shape of Excise duty will meet this demand. No such suggestion has come from the select committee and we are as I said before, so-to-say groping in the dark and the position being what it is, we cannot allow this Bill to become law. To have said that it was not within the scope of this select committee to suggest the ways and means of coping with the additional burden was only shirking the question. I submit that we would be well advised if we refer it back to the select committee to point out the source wherefrom this increased expenditure can be met.

Then, a suggestion was made by the Hon'ble Member for South Ezhuvas that money can be found from the Devaswom. We want some savings to be made from the enormous feeding charges going on in Temples and the enormous other wastes that are going on there. We want the savings for some other purposes; we want this for starting Hindu libraries attached to Temples. We want funds for re-conversions and many other purposes. So this item of savings cannot be indented upon for the purpose of carrying out the objects of the Bill; there would be strong opposition for such a step being taken.

Mr. K. Ayyappan *(Ezhuvas South).*—Why not have fresh conversions?

LIBRARY ARCHIVES Kerala Legislative Assembly

Mr. A. Narayana Menon *(Vyttila).*—Fresh conversions also we should have. We are not against this becoming law, we want to know where we stand, how we are going to be taxed in all its details. Unless it is specific and definite, we cannot support this Bill becoming law.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— സർ; സൌജന്യ നിർബന്ധ വിദ്യാഭ്യാസ ബില്ലിനെ സംബന്ധിച്ച കാര്യത്തിൽ എല്ലാവരും അഡീഷണൽ ടാക്സേഷനെപ്പറ്റിയാണ പറയുന്നത്. ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ടിലാകട്ടെ അഡീഷണൽ ടാക്സിനെപ്പറ്റി യാതൊന്നും പ്രസ്താവിച്ചിട്ടില്ല. (ഹിയർ, ഹിയർ). അഡീഷണൽ ടാക്സിന്റെ കാര്യം പറഞ്ഞ് ഈ ബില്ലിനെ എതിർക്കുവാനായിട്ട കാണിക്കുന്ന മനോഭാവത്തെ സ്വാഗതം ചെയ്യുവാൻ ഈ പരിഷ്കാരകാലത്തു്, ഈ കൊച്ചിയിൽ ആരെങ്കിലുമുണ്ടാകുമോ എന്നു ഞാൻ സംശയിക്കുന്നു. ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽത്തന്നെ ബഹുമാന്യനായ പള്ളിപ്പുറം മെമ്പർ അവർകൾ കൊച്ചീരാജ്യമൊട്ടാകെ ഒരു സെൻസസ് ലിസ്റ്റ് എടുത്തു് ഏതെങ്കിലും ഒരു സ്ഥലത്തു് അതു് വിതരണം ചെയ്യണമെന്ന നിശ്ചയത്തോടുകൂടി, ഈ രാജ്യമൊട്ടാകെ ഇതു് നിർബന്ധ നടപടിയിൽ വരുത്തണമെന്നാണ പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ എ. ആർ. മേനോൻ *(Pallippuram).*— ഞാൻ പറഞ്ഞിട്ടുള്ളതു മനസ്സിലാക്കീട്ടവേണം പറയാൻ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— എന്നാൽ വിദ്യാഭ്യാസത്തിൽ ഏറ്റവും പിന്നാണിയിൽ നിൽക്കുന്ന സമുദായത്തെ സംബന്ധിച്ചിടത്തോളം നിർബന്ധ വിദ്യാഭ്യാസബിൽ ഇവിടെ അത്യന്താപേക്ഷിതമാണെന്ന ഗവമ്മെണ്ടുതന്നെ സമ്മതിച്ചിട്ടുള്ളതാണ്. വിദ്യാഭ്യാസത്തെ സമ്മതിച്ചാണെങ്കിൽ, കൊച്ചീരാജ്യത്തിൽ വിദ്യാഭ്യാസത്തിൽ ഏറ്റവും പിന്നണിയിൽ നില്ക്കുന്ന രാജ്യമാണ് ചിറ്റൂർ താലൂക്ക്. (ഹിയർ, ഹിയർ). ചിറ്റൂർ താലൂക്കിലെ ഉദ്യോഗസ്ഥന്മാരുടെ കണക്കെടുക്കുകയാണെങ്കിൽ വിരലിൽ എണ്ണുവാൻമാത്രമേ കാണാൻ കഴിയുകയുള്ളൂ. ഇതിനുള്ള കാരണം വിദ്യാഭ്യാസമില്ലായ്മയാണ്. ചിറ്റൂർ താലൂക്കു, കൊച്ചീരാജ്യത്തിൽ വളരെ അകന്നുകിടക്കുന്നതുകൊണ്ടും വേണ്ടപ്പെട്ട മറ്റു സാഹചര്യങ്ങൾ ഇല്ലാത്തതുകൊണ്ടുമാണ് ഇങ്ങിനെ വന്നിട്ടുള്ളതു്. അവിടെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ ഏഴു വയസ്സിനുമേൽ ആയിരത്തിനു് അഞ്ചും, രണ്ടും വീതമേയുള്ളൂവെന്ന ഫൻസ്-ലെ സെൻസസ്സ് നോക്കിയാൽ കാണാം. ഇതേവിധത്തിലുള്ള പഴ് സെന്റേജ് മറ്റൊരു താലൂക്കിൽ നോക്കിയാലും കാണുകയില്ല. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ചിറ്റൂർ താലൂക്കിൽ ബോയമാർ, ഇരവാലികൾ മുതലായ സമുദായങ്ങളിൽനിന്ന ആയിരത്തിനു രണ്ടും, അഞ്ചും മാത്രമേ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുള്ളൂ. ഇങ്ങനെ വിദ്യാഭ്യാസവിഷയത്തിൽ ഏറ്റവും പിന്നാണിയിൽ നില്ക്കുന്ന സമുദായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഗവമ്മെണ്ടു ചില സമുദായങ്ങൾക്കു വിദ്യാഭ്യാസ സൌജന്യത്തിനുപുറമെ, വസ്ത്രം, പുസ്തകങ്ങൾ, ഭക്ഷണച്ചിലവു മുതലായവയും കൊടുത്തുവരുന്നുണ്ട്. ഇങ്ങനെ വിദ്യാഭ്യാസത്തിൽ പിന്നാണിയിൽ നിൽക്കുന്ന സമുദായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു ഒരു നിർബന്ധ വിദ്യാഭ്യാസബിൽ പാസാക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നു പറയുമ്പോൾ അതിനെ എതിർക്കുന്നതു് ഏതൊരു പരിഷ്കൃത ഗവമ്മെണ്ടിനും ഒരുവിധത്തിലും യോജിച്ചതല്ലെന്നു ഞാൻ ഇവിടെ ധൈര്യമായി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഇനി എനിക്കു ഒരു സംഗതി പറയാനുള്ളതു് എന്റെ ബഹുമാന്യ സ്നേഹിതന്മാരോടാണു്. പൊതുജനങ്ങളുടെ ഇടയിലെത്തി ലാക്കാക്കിക്കൊണ്ടു് അവരുടെ ആവശ്യങ്ങളെ ഗവമ്മെണ്ടിന്റെ മുൻപാകെ കൊണ്ടുവന്നു് നിവേദിപ്പിച്ചു് അതിനുള്ള നിവാരണമാർഗ്ഗം ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണു് നമ്മെയെല്ലാവരേയും പൊതുജനങ്ങൾ തിരഞ്ഞെടുത്തു് ഇവിടെ അയച്ചിട്ടുള്ളതെന്നു ഓർക്കണം. വ്യക്തിവിദ്വേഷംവച്ചുകൊണ്ടു തമ്മിൽതമ്മിൽ സ്പർദ്ധ കാണിക്കുവാനും ഗവമ്മെണ്ടിനെ എതിർക്കുവാനും മറ്റുമല്ല നാമിവിടെ വന്നിട്ടുള്ളതു്. നാം ഗവമ്മെണ്ടിനെ സഹായിക്കണം; പൊതുജനങ്ങളേയും സഹായിക്കണം, അവരുടെ ക്ഷേമത്തേയും അനേക്ഷിക്കണം. അവർക്കു ക്ഷേമമായ സംഗതികളെ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നു വെളിപ്പെടുത്തി അതിനു നിവാരണമാർഗ്ഗമുണ്ടാക്കണം. ഇതിനാണു് നാമിവിടെ വന്നിരിക്കുന്നതു്. ഈ ബിൽകൊണ്ടു് ഇവിടെ നിർദ്ദേശിച്ചിട്ടുള്ളതു് അവശ സമുദായങ്ങൾക്കു്, അതായതു് വിദ്യാഭ്യാസത്തിൽ പിന്നാണിയിൽ നിൽക്കുന്ന സമുദായങ്ങൾക്കു നിർബന്ധം നടത്താൻ സന്നദ്ധമായാൽ മാത്രമേ വിദ്യാഭ്യാസം കിട്ടുകയുള്ളൂവെന്നു സെലക്ട് കമ്മിറ്റിക്കു പൂർണ്ണമായ ബോദ്ധ്യംവന്നു. ഇതിനുവേണ്ട തെളിവുകളും അവർ ശേഖരിച്ചിട്ടുണ്ടു്. വിദ്യാഭ്യാസത്തിനു ഫലലക്ഷത്തിൽ ചിലപ്പോൾ ചിലവു ചെയ്യുന്നു എന്നഭിമാനിക്കുന്ന ഗവമ്മെണ്ടു നിർബന്ധ വിദ്യാഭ്യാസം നടപ്പാക്കുന്നതിനു വരുന്ന നിസ്സാരമായ ചിലവിനുവേണ്ടി അഡീഷണൽ ടാക്സ് ഏർപ്പെടുത്തണമെന്നു സംശയിക്കുന്നതിൽ വ്യസനിക്കയല്ലാതെ ഗത്യന്തരമില്ല. കൊച്ചീരാജ്യത്തു ഒട്ടാകെ നികുതി പിരിച്ചിട്ടു് ഒരു സ്ഥലത്തുതന്നെ ചിലവു ചെയ്യുന്നതിനെ പ്രതിഷേധിക്കുന്നതായും ഇവിടെ കാണുകയുണ്ടായി. ചിറ്റൂർ താലൂക്കിലേക്കു എത്ര പണം ചിലവാക്കുന്നുണ്ടെന്നു ഗവമ്മെണ്ടിനു കണക്കുനോക്കിയാലറിയാം. ഓരോ വില്ലേജുകളിൽനിന്നുമുള്ള വരവു് ആ വില്ലേജുകളിൽത്തന്നെ ചിലവാക്കുന്നതായാൽ പലേ ആപത്തുകൾക്കും ഇടവരുന്നതാണു്. പ്രത്യേകമാ

LIBRARY ARCHIVES Kerala Legislative Assembly

യ ഒരു സ്ഥലത്തുനിന്ന നികുതി പിരിച്ചെടുത്ത പൊതുകാര്യത്തിനുവേണ്ടി അതായത വിദ്യാഭ്യാസത്തിൽ ഏറവും പിന്നാണിയിൽ നിൽക്കുന്ന സമുദായങ്ങൾക്കു വേണ്ടി ചിലവുചെയ്യുന്നതിൽ ഇത്രയെല്ലാം കണക്കുപറയുവാൻ മുനോട്ടിറങ്ങിക്കാണുന്നതിൽ ഞാൻ വ്യസനിക്കുന്നു.

പിന്നെ വേറൊരു സംഗതി ഇവിടെ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുള്ളത് ഈ നിർബന്ധ വിദ്യാഭ്യാസം ചില സ്ഥലങ്ങളിൽമാത്രം തല്ക്കാലം പരീക്ഷാർത്ഥം ഏർപ്പെടുത്തി ഫലം കണ്ടതിനുശേഷം ബാക്കിയുള്ള സ്ഥലങ്ങളിൽ ഏർപ്പെടുത്തിയാൽ മതിയെന്നാണ് ബിൽ നിർദ്ദേശിക്കുന്നത്. ഇതിനു വേണ്ടിവരുന്ന സംഖ്യ — പരീക്ഷാർത്ഥമായി ചില സ്ഥലങ്ങളിൽ ചെയ്യുനോക്കുന്നതിനുവേണ്ട സംഖ്യ — വിദ്യാഭ്യാസ വകുപ്പിൽനിന്ന ഉണ്ടാകുന്നതിന് എനിക്കു മുണ്ടിക്കാണിക്കുവാൻ സാധിക്കും. ചില സ്ഥലങ്ങളിൽ സ്ത്രീകൾക്കുമാത്രമായി നടത്തിവരുന്ന ഹൈസ്കൂൾ ഉണ്ട്. അവിടെത്തന്നെ ബോയ്സ് സ്കൂളുമുണ്ട്. വാസ്തവത്തിൽ അവിടെ ഒരു സ്കൂളിനുതന്നെ സ്റ്റാഫുണ്ടായിരിക്കുകയില്ല. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ രണ്ടുംകൂടി ഒന്നാക്കി — മിക്സ്ഡ് ആക്കി — നടത്തുകയാണെങ്കിൽ ഒരു വലിയ സംഖ്യ ഉണ്ടാക്കുവാൻ സാധിക്കും.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— ഇങ്ങനെയുള്ള സ്കൂളുകൾ എവിടെയാണുള്ളത്?

മിസ്റ്റർ കെ. എസ്സ് പണിക്കർ (*Ezhuvas North*).— ചിറമ്മർ താലൂക്കിലുണ്ട്. ഇപ്പോൾ രണ്ടു ഡിവിഷൻ സ്കൂൾ ഇൻസ്പെക്ടർമാരും ഒരു ഇൻസ്പെക്ട്രസുമുണ്ട്. ഇത് നാതേൻ ഡിവിഷൻ സെൻറൽ ഡിവിഷൻ, സതേൻ ഡിവിഷൻ ഇങ്ങിനെയാക്കി ഇവരുടെ ആഫീസ് ഒന്നാക്കി പുടിപ്പിക്കുക. ഇങ്ങനെ വന്നുകഴിഞ്ഞാൽ സ്റ്റാമ്പു് സ്റ്റേഷനറിയിൽനിന്നും ഒരു വലിയ സംഖ്യ ഉണ്ടാക്കുവാൻ സാധിക്കും. ഇങ്ങനെ വിദ്യാഭ്യാസ വകുപ്പിൽനിന്നുമാത്രമല്ല, പല വകുപ്പിൽനിന്നും ആദായം ഉണ്ടാക്കുവാൻ സാധിക്കും. ഇതിനാണ് ഒരു റിട്ട്രെഞ്ചുമെൻറ് കമ്മിറ്റി വേണമെന്നു പറഞ്ഞത്. ആ കമ്മിറ്റിയുണ്ടെങ്കിൽ അനാവശ്യമായി ചിലവുചെയ്യുന്നതിനെ കണ്ടുപിടിച്ചു ആ സംഖ്യ ഇതിലേയ്ക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

വേറെ ഒരു സംഗതി ഇതിനെ സംബന്ധിച്ചു പ്രധാനമായിട്ടുള്ളത് അവശ സമുദായങ്ങളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം നിർബന്ധമാക്കാതിരുന്നാൽ അവർ സ്കൂളിൽ പോകുന്നകാര്യം വളരെ കഷ്ടിയായിരിക്കുമെന്നാണ്. അധ്യക്ഷപ്രതിനിധിയായ ബഹുമാനപ്പെട്ട മെമ്പർ നിർബന്ധമില്ലെങ്കിലും നിർബന്ധമുണ്ടാക്കുന്ന ഒരു വ്യവസ്ഥ ഇവിടെ ഏർപ്പെടുത്തണമെന്നു പറയുകയുണ്ടായി. അങ്ങിനെയുള്ള വ്യവസ്ഥ എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. നിർബന്ധം എന്നുവച്ചാൽ നിർബന്ധംതന്നെയാണ്. അങ്ങിനെയുള്ള നിർ

LIBRARY ARCHIVES Kerala Legislative Assembly

ബന്ധം വന്നാൽ അല്ലാതെ വിദ്യാഭ്യാസം വെട്ടമരുന്നോ, അങ്ങാടി മരുന്നോ എന്നറിയാത്ത അധഃകൃതസമുദായങ്ങൾ അവരുടെ കുട്ടികളെ സ്കൂളിലേക്കയക്കുകയില്ല. കന്നുകാലികളെ നോക്കാൻപോയാൽ രണ്ടു ഉടങ്ങഴി നെല്ലു കിട്ടുമെന്നു കരുതി കുട്ടികളെ സ്കൂളിലേക്കയക്കാതെയിരിയ്ക്കുന്നവരുണ്ട്. ഗവമ്മെണ്ടിൽനിന്നു ഇപ്പോൾത്തന്നെ സൌജന്യമായി വസ്ത്രം കൊടുക്കുന്നുണ്ട്, പുസ്തകം കൊടുക്കുന്നുണ്ട്, ഭക്ഷണം കൊടുക്കുന്നുണ്ട് ഇതെല്ലാം സൌജന്യമായി കൊടുക്കുന്ന ഗവമ്മെണ്ടു ഒരഡീഷണൽ ടാക്സ് ചുമത്താതെ വിദ്യാഭ്യാസം നിർബന്ധമാക്കുന്നു ഈ ബിൽ പാസാക്കിയാലല്ലാതെ ഈ കുട്ടികളെ സ്കൂളിലേക്കയക്കുവാൻ സാധ്യമല്ല. ഇപ്പോൾത്തന്നെ ഗവമ്മെണ്ടു എല്ലാംകൂടി നടപ്പിൽ വരുത്തണമെന്നല്ല പറയുന്നതു്. കുറേശ്ശെയായി നടപ്പിൽ വരുത്തിയാൽമതി. അതുകൊണ്ടു് ഈ നിർബന്ധ വിദ്യാഭ്യാസബിൽ ഇവിടെ പാസ്സാക്കുകയും ചിറ്റൂർ താലൂക്കിലും തലപ്പിള്ളി താലൂക്കിന്റെ ഏതാനും ഭാഗങ്ങളിലും ഇതു് അത്യന്താപേക്ഷിതമാകയാൽ ആ സ്ഥലങ്ങളിലെല്ലാം ഇതു ഉടനെ നടപ്പിൽ വരുത്തുകയും ചെയ്യണമെന്നു അപേക്ഷിച്ചുകൊണ്ടു എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

* മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ (*Kattur*).— സർ, ഇതിലേയ്ക്കുവേണ്ടി ഒരു ടാക്സ് ആവശ്യമാണെങ്കിൽ അതു ചുമത്തിയെങ്കിലും ഈ ബിൽ നടപ്പിൽ വരുത്തണമെന്നു അപേക്ഷയാണു് എനിക്കുള്ളതു്. കൊച്ചീരാജ്യത്തിന്റെ സാവ്വത്രികമായ സംസ്കാരത്തിനുവേണ്ടി ധീരധീരം പോരാടീട്ടുള്ള തെയോലാവു് ഇന്നു ആ സംസ്കാരസൌധത്തിലേക്കു അടുക്കുവാനുള്ള ഇന്നാത്തെ മത്സരത്തിൽനിന്നും വീറോടുകൂടി പിന്നോട്ടു മാറിയതിൽ എനിക്കു സങ്കടമുണ്ടു്. എന്നാൽ തത്പത്തെ സംബന്ധിച്ചിടത്തോളം അനുദ്യോഗസ്ഥന്മാരും ഉദ്യോഗസ്ഥന്മാരും തമ്മിൽ യാതൊരഭിപ്രായവ്യത്യാസമില്ലാതെ, ഏകാഭിപ്രായം സിദ്ധിച്ചിട്ടുള്ള ഈ സംഗതി പ്രയോഗത്തിൽ വരുത്തുവാൻ അനുദ്യോഗസ്ഥപക്ഷത്തുനിന്നു ചില വൈഷമ്യങ്ങൾ ഉണ്ടാകുമെന്നു പ്രതീക്ഷ എനിക്കു അപ്പോൾ ഉണ്ടായിരുന്നില്ല. ഗവമ്മെണ്ടു മുൻകൂട്ടിത്തന്നെ നികുതി ചുമത്തിയെങ്കിലും ഞങ്ങൾ ഈ ബിൽ പ്രയോഗത്തിൽ വരുത്തുവാൻ തയ്യാറാണെന്നു അറിയിച്ചിരുന്നെങ്കിൽ ഇപ്പോൾ കാണുന്ന ഏതാനുംതരത്തിലുള്ള ചില അഭിപ്രായ വൈരുദ്ധ്യങ്ങളെല്ലാം ഒഴിക്കുവാൻ സാധിക്കുമായിരുന്നു. അതു അറിയിക്കാത്തതിന്റെ തരക്കേടുകൊണ്ടാണു് വാസ്തവത്തിൽ ചില പ്രതിഷേധപ്രകടനങ്ങൾ ഇവിടെ ഉണ്ടായിട്ടുള്ളതെന്നു ഗവമ്മെണ്ടു മനസ്സിലാക്കണം. ഇതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചു ഒരു പ്രത്യേക വിശദീകരണം ആവശ്യമില്ലെന്നു ഇതിനെ എതിർത്തകക്ഷിക്കാർതന്നെ സ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മ്മതിച്ചിട്ടുണ്ട്. ഇതിനെ നടപടിയിൽ വരുത്തുവാനുള്ള വിദ്യ എന്താണെന്നു ഞാൻ അനുദ്യോഗസ്ഥ മെമ്പർമാരോടു ചോദിക്കുന്നു. ഏതാനും ചില നികുതിദായകന്മാക്കു ഉപദ്രവം വരുമെന്നുള്ള നിലയിൽ നാട്ടുകാരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും സംസ്കാരത്തിനും അടിസ്ഥാനമായുള്ള ഈ ബില്ലിനെ ഒരുവിധത്തിലും എതിർക്കരുതെന്നാണു് എനിക്കു പ്രത്യേകിച്ചു അപേക്ഷിക്കുവാനുള്ളതു്. അതുകൊണ്ടു സംസ്കാരത്തിന്റെ പേരിൽ ബഹുമാനപ്പെട്ട വയറിലെ മെമ്പർ അവർകളോടും സമുദായത്തിന്റെ പേരിൽ മിസ്റ്റർ വി. കെ, കുട്ടിയോടും രാജ്യത്തിന്റെപേരിൽ മറ്റു സാമാജികന്മാരോടും എനിക്കു ചെയ്യാനുള്ള അപേക്ഷ യാതൊരു പ്രതിഷേധ പ്രകടനങ്ങളുംകൂടാതെ ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കണമെന്നാണു്.

* മിസ്റ്റർ പോപ്പറുലാൽ ഗോവർദ്ധനലാലൻ *(Mattancheri North)*.— സർ, സൌജന്യ നിർബന്ധ വിദ്യാഭ്യാസ ബില്ലിനെപ്പറ്റി സംസാരിക്കണമെന്നു ഉദ്ദേശം എനിക്കില്ലായിരുന്നു. പക്ഷെ ഇന്നത്തെ സഭയിൽ രണ്ടു ഭാഗങ്ങൾ കാണാനുള്ള സന്ദർഭം വന്നതുകൊണ്ടു ഈ അവസരത്തിൽ രണ്ടു വാക്കു പറയാതെ തരമില്ല. ഈ ബില്ലിന്റെ തത്വത്തിൽ രണ്ടഭിപ്രായം ആർക്കുമില്ലെന്നതന്നെ പറയാം. എനിക്കും എതിരഭിപ്രായമില്ല. പക്ഷെ ഈ ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ഗവമ്മെണ്ടു ഇതു നടപ്പിൽ വരുത്തുവാൻവേണ്ടി ഇത്രത്തോളം ബുദ്ധിമുട്ട കാണിക്കയില്ലെന്നാണു തോന്നിയതു്. വിദ്യാഭ്യാസത്തിനുവേണ്ടി പണമില്ലാത്ത കാര്യംകൊണ്ടാണു് ഈ ബിൽ നടപ്പിൽ വരുത്തുവാൻ ഈ സഭയിൽ ഇത്രവളരെ ബുദ്ധിമുട്ടു കണ്ടതു്. എത്രയോ വമ്പിച്ച കാര്യങ്ങൾ നടത്തിപ്പോരുന്ന നമ്മുടെ ഈ സ്റ്റേറ്റിൽ വിദ്യാഭ്യാസത്തിനു പണമില്ലെന്നു പറഞ്ഞാൽ നമ്മുടെ മാനത്തിനു് വളരെ കുറവാണെന്നാണു് എന്റെ അഭിപ്രായം. മറ്റുള്ള കാര്യങ്ങൾ നടപ്പിൽവരുത്തുവാൻ നമ്മുടെ ബഹുമാനപ്പെട്ട ഗവമ്മെണ്ടു പണമുണ്ടാക്കുന്ന കാര്യം ആലോചിക്കുകയാണെങ്കിൽ ഈ ബിൽ നടപ്പിൽ വരുത്തുവാനും വിദ്യാഭ്യാസം സൌജന്യമാക്കുവാനും പണത്തിനു ബുദ്ധിമുട്ടവരുമെന്നു തോന്നുന്നില്ല. ഇതിനു ഒരു പുതിയ നികുതി ചുമത്തണമെന്നു പറഞ്ഞുകഴിഞ്ഞാൽ, ഗവമ്മെണ്ടിനു വരുന്ന ഓരോ ആവശ്യങ്ങൾക്കും ഓരോ ടാക്സേഷൻ നടത്തണമെന്നു പറഞ്ഞുകഴിഞ്ഞാൽ, ജനങ്ങൾ എത്രത്തോളം ബുദ്ധിമുട്ടു അനുഭവിക്കേണ്ടിവരുമെന്നു് ഒന്നു് ആലോചിക്കണം. ഇപ്പോൾ വഴിനടക്കുവാൻ ഒരു ടാക്സ്, വീട്ടിൽ താമസിക്കുവാൻ ഒരു ടാക്സ്, വെള്ളം കുടിക്കുവാൻ ഒരു ടക്സ്, വിളക്കുകാണുവാൻ ഒരു ടാക്സ്, ലൈൻ സ്ഥാപിച്ചാൽ അതിനു് ഒരു ടാക്സ് ഇങ്ങിനെ തൊട്ടതിനെല്ലാം ജനങ്ങൾ ടാക് സു കൊടുത്തുവരുന്നുണ്ടു്. ഇതെല്ലാം കഴിച്ചിട്ടും വിദ്യാഭ്യാസത്തിനു പണമില്ലെന്നു പറഞ്ഞാൽ എ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ത്ര ലജ്ജയുള്ള കാര്യമാണ്. (ഹിയർ, ഹിയർ). നമ്മുടെ വലിയ കോളേജ് പണിയിക്കുന്നതിന്ന് പണം എവിടെനിന്നുണ്ടായി. ഇതിന്ന പണമില്ലെങ്കിൽ കടം മേടിക്കണമെന്നാണ ഞാൻ പറയുന്നത്. നമ്മുടെ തുറമുഖം ഒരു വലിയ തുറമുഖമാണ്. അതു അറേബിയൻസീയുടെ രാജ്ഞിയാണ്. അവിടെനിന്ന ധാരാളം വരവുണ്ടാകും എന്നൊക്കെ പറയുന്ന ഗവമ്മെണ്ടിന് ഈ നിസ്സാരമായ കാര്യത്തിന്ന് പണമില്ലെന്നും ഒരു പുതിയ ടാക്സേഷൻ വേണമെന്നും പറയുന്നത് യാതൊരുവിധത്തിലും ശരിയല്ല. ചില ബഹുമാനപ്പെട്ട മെമ്പർമാർ പറയുകയുണ്ടായി നമ്മുടെ ദേവസ്വം ഫണ്ടിൽ അനാവശ്യമായി കിടക്കുന്ന പണം എടുത്തു ഇതിന് ചിലവാക്കിക്കൂടേ എന്ന്. പക്ഷെ, അതു ചിലവാക്കുന്നതിന്ന ചില സമുദായക്കാർ ഇവിടെ വിരോധം പറഞ്ഞുകഴിഞ്ഞു. എന്നാൽ ഒരു സമുദായത്തിന്ന വിരോധമുള്ളത് മറൊരു സമുദായത്തിന്ന് വിരോധമാകുവാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ ചിന്തിച്ചില്ലെല്ലൊ. പലതരത്തിലും ടാക്സുകൊണ്ടു ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഗവമ്മെണ്ടു ഇതിന്നും ഒരു ടാക്സു ആവശ്യപ്പെടുന്നത് കണ്ണിൽ ചോരയില്ലാത്തതുകൊണ്ടല്ലേ? ഇൻകംടാക്സ് മുഴുവൻ കിട്ടുന്നതു കച്ചവടക്കാരിൽനിന്നാണ്. ഈ കച്ചവടക്കാർക്ക വാണിജ്യത്തെ നല്ലസ്ഥിതിയിൽ കൊണ്ടുവരുവാൻവേണ്ടി നമ്മുടെ ഗവമ്മെണ്ടു വല്ലതും ചെയ്തിട്ടുണ്ടോ? ഒരു രാജ്യത്തിന്റെ ഉന്നതി ആ രാജ്യത്തിലെ വാണിജ്യത്തിന്റെ നില അനുസരിച്ചാണിരിക്കുന്നത്. ഈ കാര്യത്തിൽ ഗവമ്മെണ്ടു ചെയ്യുന്നത് പശുവിനെ കറന്നൊട്ടകുന്നതുപോലെയാണ്. എന്നാൽ ആ പശുവിന് തിൻതരാതെ തള്ളിക്കളയുകയാണ് ചെയ്യുന്നത്. ആ പശുവിനെ സുഖക്കേടുവന്നാൽ ചികിത്സിക്കുവാൻ ഗവമ്മെണ്ടു തയ്യാറില്ല. പലതരത്തിലുള്ള ആവശ്യങ്ങൾക്കും വലിയ സംഖ്യ കടംമേടിക്കുന്ന ഗവമ്മെണ്ടിന്ന ഈ ബിൽ നടപ്പിൽ വരുത്തുവാൻ പണമില്ലെങ്കിൽ കടംവാങ്ങി ചിലവു ചെയ്യണം. പല ഡിപ്പാർട്ടുമെണ്ടിലുമുള്ള അനാവശ്യച്ചിലവുകൾ വെട്ടിച്ചുരുക്കുകയാണെങ്കിൽ അതിൽനിന്ന് ഒരുവലിയ സംഖ്യ കിട്ടുന്നതാണ്. എല്ലാവക്കും പ്രാഥമിക വിദ്യാഭ്യാസം ആവശ്യമാണ്. അതിലേക്ക എല്ലാവരും ഒപ്പം പങ്കുചേരണം. ടാക്സു ചുമത്തുകയാണെങ്കിൽ എല്ലാവക്കും സമമായിട്ട ചുമത്തുക. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

* മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— സർ, പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കണമെന്ന വിഷയത്തെക്കുറിച്ചുള്ള വാദപ്രതിവാദത്തിന്ന അടിസ്ഥാനമുണ്ടെന്ന എനിക്ക തോന്നുന്നില്ല. ഈ ബിൽ നിയമസഭയിൽ ആദ്യം അവതരിപ്പിക്കുകയും പിന്നീട് അതിന്റെ രണ്ടാംവായനയിൽ വാദപ്രതിവാദം നടന്നപ്പോൾ അനുദ്യോഗസ്ഥന്മാരിൽ അധികപക്ഷം എന്നല്ല, അഭിപ്രായവ്യത്യാസം കൂടാതെതന്നെയെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ന്ന പറയാം, പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കേണ്ടതിനെ അനുകൂലിച്ചു കണ്ടപ്പോൾ അന്ന ദിവാൻ പ്രസിസൻറ് അവർകൾ പറഞ്ഞ ഒരു സംഗതി നിങ്ങളെ ഓർമ്മപ്പെടുത്താം. അനുദ്യോഗസ്ഥ സാമാജികന്മാരുടെ അഭിപ്രായം പ്രാഥമിക വിദ്യാഭ്യാസം നടപ്പാക്കണമെന്നുള്ളതാണെന്ന മനസ്സിലായി. ഗവൺമെണ്ടിനു ഈ അഭിപ്രായത്തോടു യോജിക്കാൻ വിരോധമില്ല; ഇന്നത്തെ വിദ്യാഭ്യാസത്തിനു, വിദ്യാഭ്യാസ വകുപ്പിൽനിന്നു ഇപ്പോൾത്തന്നെ ക്രൂടതൽ സംഖ്യ ചിലവുവരുന്നതുകൊണ്ട് ഈ വിഷയം നടപ്പിൽ വരുത്തണമെങ്കിൽ ഏതെങ്കിലും വിഷയത്തിൽനിന്നു ക്രൂടതലായി ഒരു സംഖ്യ കിട്ടാതെ സാധിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു നിർബന്ധ വിദ്യാഭ്യാസം നടപ്പാക്കണമെങ്കിൽ ഇതിനു ഒരു നികുതിക്രൂടി പിരിക്കുവാൻ നിങ്ങൾക്കു സമ്മതമാണെങ്കിൽ ഈ ബിൽ സെലക്ട് കമ്മിറ്റിക്കു അയയ്ക്കുവാൻ ഗവൺമെണ്ടിനു തടസ്സമില്ലെന്നു ഈ നിയമസഭയെ ധരിപ്പിച്ചു. ഇതു ധരിപ്പിച്ചതിനുശേഷം ഈ ബിൽ നടപ്പിൽ വരുന്നതായാൽ തീർച്ചയായും ഗവൺമെണ്ടിന്റെ അഭിപ്രായത്തിൽ ഒരു നികുതി ചുമത്താതെ നിവൃത്തിയില്ലെന്നു അനുദ്യോഗസ്ഥ മെമ്പർമാരെ വെളിവായി ധരിപ്പിച്ചതിനുശേഷമാണ് സെലക്ട് കമ്മിറ്റിക്കു അയക്കാനുള്ള ഈ മോഷൻ വോട്ടിനിട്ടതു. അതിപ്പോൾ സെലക്ട് കമ്മിറ്റിക്കു അയച്ചുകഴിഞ്ഞു. അന്ന് ഗവൺമെണ്ടിൽനിന്നു ഞങ്ങളെ ധരിപ്പിച്ച തത്വം ഞങ്ങളും സമ്മതിച്ചു എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈ വിഷയത്തിൽ ഇപ്പോൾ അഭിപ്രായവ്യത്യാസത്തിനു അവകാശമില്ല. ഇന്നത്തെ ഈ വാദപ്രതിവാദം കേട്ടതിൽനിന്ന് ഈ ബിൽ നടപ്പിൽ വരുത്തുന്നകാര്യത്തിൽ അനുദ്യോഗസ്ഥന്മാർക്കും ഗവൺമെണ്ടിനും വിരോധമില്ല. ഇതിനു വേണ്ടതായിട്ടുള്ള സംഖ്യ എവിടെനിന്നുണ്ടാക്കണമെന്നുള്ള ഒരു ചെറുവിഷയമാണു തടസ്സമായിട്ടുള്ളതു. ഗവൺമെണ്ടു പറയുന്നു ഇതിനു ഒരു നികുതി ചുമത്താതെ നിവൃത്തിയില്ലെന്ന്. നികുതി ചുമത്തുന്നപക്ഷം ഇന്നത്തെ സാമ്പത്തികാധഃപതനം നോക്കുമ്പോൾ നാട്ടുകാർക്കു വലിയ സങ്കടമുണ്ടാകുമെന്നു ഞങ്ങൾക്കു തോന്നുന്നു. ഈ വിഷയം വേണം താനും. ഇങ്ങനെ ഒരു ചുറ്റും വന്നപ്പോൾ ഇന്നും ദിവാൻപ്രസിഡണ്ടു അവർകൾ ഒന്നുകൂടി ഞങ്ങളെ ഓർമ്മപ്പെടുത്തി. ഈ ബിൽ ഇന്നു പാസ്സാക്കുന്നപക്ഷം വിദ്യാഭ്യാസ വകുപ്പിൽ 18½ ലക്ഷം ഇപ്പോൾ ചിലവാക്കുന്നതു കുറക്കുവാനുള്ള വല്ല മാർഗ്ഗവുമുണ്ടോയെന്നു പരിശോധിക്കുവാൻ ഒരു കമ്മിറ്റിയെ നിശ്ചയിക്കുവാൻ ആലോചിച്ചിട്ടുണ്ടെന്നും ഈ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചു പ്രവൃത്തിക്കുന്നതാണെന്നും അതിൽ കുറക്കുവാൻ മാർഗ്ഗമില്ലെന്നു കമ്മിറ്റി റിപ്പോർട്ടു ചെയ്യുന്നപക്ഷം നികുതി കൊടുക്കുവാൻ നിയമസഭ തയ്യാറായിരിക്കണമെന്നും ഞങ്ങളെ ധരിപ്പിച്ചു. ഈ ഒരു വിഷയത്തിലേ അഭിപ്രായവ്യത്യാസമുള്ളൂ. അന്നു ദിവാൻപ്രസിഡണ്ടു അവർകൾ പറഞ്ഞപ്പോഴും ഇന്നും ഞങ്ങളുടെ അഭിപ്രായം പ്രാഥമിക വിദ്യാഭ്യാസത്തിനു ക്രൂടതൽ നികുതി ചു

LIBRARY ARCHIVES Kerala Legislative Assembly

മത്തെണ്ട ആവശ്യമില്ലെന്നാണ്. ഗവമ്മെണ്ടു ഈ അഭിപ്രായത്തോട് യോജിക്കുനിലെന്ന ഞങ്ങൾക്കു മനസ്സിലായിട്ടണ്ട്. ഈ സ്ഥിതിക്കു എനിക്കൊരപേക്ഷയുള്ളതു് എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ അയ്യപ്പൻ പറഞ്ഞിട്ടുള്ളതുപോലെ, ഈ മാതിരിയുള്ള ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് എന്താണെന്ന മുൻകൂട്ടി നിശ്ചയിക്കുവാൻ കഴിയും. കമ്മിറ്റി റിപ്പോർട്ട ചെയ്യാവുന്നതു് നികുതി ചുമത്തണമെന്നാണ്. നിങ്ങൾ കമ്മിറ്റിയെവക്കാൻ തയ്യാറുണ്ടോ? അതുണ്ടെങ്കിൽ അടുത്ത ദിവസം ഇവിടെ വാദപ്രതിവാദം കഴിച്ചു റിട്ട്റേഞ്ചുമെന്റു കമ്മിറ്റി — കൊച്ചീഗവമ്മെണ്ടിന്റെ ഭരണച്ചിലവു കുറക്കുവാനുള്ള കമ്മിറ്റി—യെ വക്കുവാൻ തയ്യാറുണ്ടോ? അല്ലാതെ വിദ്യാഭ്യാസ വകുപ്പിൽ നിന്നുമാത്രം ഒരു പൈപോലും കുറക്കുവാൻ സാധിക്കുകയില്ല; കുറക്കണമെങ്കിൽ എല്ലാ ഡിപ്പാർട്ടുമെണ്ടിൽനിന്നും കുറക്കണം. ഇതു് അറിഞ്ഞുകൊണ്ടുതന്നെയാണ് ദിവാൻ പ്രസിഡണ്ട് പറഞ്ഞിരിക്കുന്നതു എന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ടു ഈ പുറംപൂച്ചു് ആവശ്യമില്ല. അതു തുറന്ന പ്രവൃത്തിക്കേണ്ട കാര്യമാണ്. കമ്മിറ്റിയെ വക്കാൻ തയ്യാറുണ്ടെങ്കിൽ ഗവമ്മെണ്ടിന്റെ ഭരണച്ചിലവു കുറക്കുവാൻ ഏതെല്ലാമാണ മാർഗ്ഗങ്ങളെന്ന അന്വേഷിച്ചു ഒരു റിപ്പോർട്ട സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിശ്ചയിക്കണം. കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഗവമ്മെണ്ടിന്റെ ഭരണച്ചിലവു് കുറച്ചു ഈ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനു വേണ്ടതായ സംഖ്യ ഇന്നത്തെ വരവിൽനിന്നുതന്നെ ഉണ്ടാക്കുവാൻ സാധിക്കും. അതു സാധിച്ചില്ലെങ്കിൽ ഇന്നായിന്ന തരത്തിൽ ഞങ്ങൾ പ്രവൃത്തിച്ചു, അതിൽ നിന്നു ഒരു പൈപോലും ആദായം കിട്ടുവാൻ മാർഗ്ഗമില്ല, അതുകൊണ്ടു പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കണമെങ്കിൽ നികുതി ചുമത്തണം എന്നു ഞങ്ങൾ ഗവമ്മെണ്ടിനോട് പറയും. ഇതാണ് ഗവമ്മെണ്ടിനു ന്യായമായ വഴിയെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്. അതല്ലാതെ ഓരോ അവസരത്തിലും നികുതി, നികുതി എന്നു വിളിച്ചുപറഞ്ഞു ഈ ബില്ലിനെ എതുക്കുക എന്ന ഭാവം കാണിക്കാതെ ഇരിക്കുന്നതിൽ നല്ലതു നിങ്ങൾ തുറന്നു എതുക്കുകയാണ്. അതാണ് ന്യായം. ഞാൻ പറയുന്നതു ഈ ബില്ലിനെ എതുക്കുവാൻ കൊച്ചീഗവമ്മെണ്ടിനു സാധിക്കുകയില്ല; ധൈര്യവുമില്ല. അതുകൊണ്ടാണ് നിങ്ങൾ ഇതിനെ എതുക്കാത്തതു്. കൊച്ചീഗവമ്മെണ്ടിന്റെ ഭരണച്ചിലവു മുഴുവൻ കുറക്കുവാനുള്ള ഒരു കമ്മിറ്റിയല്ലാതെ, വിദ്യാഭ്യാസ വകുപ്പിലേക്കുമാത്രം ഒരു കമ്മിറ്റിവച്ചിട്ടു യാതൊരു കാര്യവുമില്ലെന്ന ഞാൻ ധൈര്യമായി പറയുന്നു. അതുകൊണ്ടു ഈ ബിൽ പാസ്സാക്കുന്നതിൽ യാതൊരു തടസ്ഥവുമില്ല. ഇതു് വേണമെന്ന രണ്ടുകൂട്ടരും സമ്മതിച്ചിട്ടണ്ട്. ഇന്നുള്ള പണംകൊണ്ടു ഇതു നടത്താമെന്നു പറയുന്നു. നിങ്ങൾ കമ്മിറ്റിയെ നിശ്ചയിക്കുന്നു കോമ്പ്രൈമൈസ് ചെയ്യുവാൻ ഞങ്ങൾ തയ്യാറാണ്. വെറുതെ കോമ്പ്രൈമൈസ് എന്ന പ്രസംഗത്തിൽ പറഞ്ഞാൽ പോര.

LIBRARY ARCHIVES Kerala Legislative Assembly

അതു പ്രവൃത്തിയിൽ വരുത്തണം. അല്ലെങ്കിൽ കമ്മിറ്റി പരമാബദ്ധമാണെന്നു ഗവൺമെണ്ടിനെ ധരിപ്പിച്ചുകൊള്ളുന്നു.

Mr. E. Ikkanda Warriar *(Urakam).*—May I know the amount of extra expenditure that Government may have to incur if this Bill becomes law?

Rao Sahib I. N. Menon *(Director of Public Instruction).*—It depends upon the area of compulsion.

Mr. E. Ikkanda Warriar *(Urakam).*—Has the Government any idea of the School-going population that are not given education now?

Rao Sahib I. N. Menon *(Director of Public Instruction).*—It is very difficult to say that. At present, there is about a lakh and forty-five thousand and odd attending primary schools. It may roughly be thirty or thirty-five thousand.

Mr. M. Sivarama Menon *(Ernakulam South).*—Mr. President, Sir, what appeared to me to be a very simple issue with reference to this Bill has now become very very complicated. At the time this Bill was referred to a select committee, some reference was really made in regard to the question of additional taxation or a special cess. Even at that time there were certain dissentient voices in this House. (voices of 'question'). Because there was no voting on the issue, there was no opportunity to record the dissent. The reference to the Select Committee was not a committment for taxing the people. It was a matter to be threshed out in the Select Committee and then again on the floor of this House. But it is really strange to find that with the knowledge thrown before the whole House, the select committee who sat really in judgment over this Bill has really shirked that issue and this Bill contains absolutely no whisper at all as to whether there is going to be any additional taxation or any special cess. Why is it that the matter was shirked? I ask this question because the aspect of the cess was referred to by the Diwan at the time when the Bill was referred to a select committee and a declaration was made that the Bill could be enforced only with the levy of an additional tax throughout the whole State or the imposition of a special cess and I turn again to the Treasury Benches and ask why you had not the courtesy and good sense to move an amendment to this Bill, relating to the cess.

Deputy President.—Do the Hon'ble Members think that this Bill should be referred again to have an opinion on that point? No.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. Sivarama Menon *(Ernakulam South).*—I am very much constrained to note that this question was really shirked. The Select Committee Report says that a majority of those who were questioned about the cess opposed it. As a matter of fact, if this Bill is to be placed on the Statute Book, what is the effect? There will be a statute that primary education should be made compulsory in selected areas and that it should be free. Absolutely no mention is found in the Bill as to whether there should be a cess or additional taxation. But there is a firm declaration by Government that voting for the Bill will be tantamount to a mandate for levying the education cess. Non-officials are therefore to be guided between what is not contained in the Statute and what is declared by Government. I may say I am deeply grateful to my friend Mr. T. K. Nayar when he frankly said that this question was really shirked for certain other considerations. I am sure that if persons who send their children to school now have to pay school fees and over and above that pay additional taxation, it will not be possible for many of them to bear.

Mr. K. Ayyappan *(Ezhuvas South.)*—No fees in the primary department.

Mr. M. Sivarama Menon *(Ernakulam South).*—That is not so. The Bill is to be enforced only in favour of certain communities and in selected areas. Section 2 as amended is to that effect.

Mr. P. Kumaran Ezhuthassan *(Vadakkancheri).*— Primary education is free.

Mr. M. Sivarama Menon *(Ernakulam South).*—Primary education is free. For whom? If in Chittur this Bill is to be brought into force, the whole State has to pay the tax. People in Ernakulam will have to pay the cess if this law is to be brought into force in Chittur and also the fees that they have to pay now. What I beg to submit is that this is a matter where the issue now is not whether the compulsory education bill is really a necessity for the State or whether it ought to be passed into law or not, but whether for the matter of finding funds for enforcing the Bill we should go in for additional taxation in the whole State to meet the cess of particular communities in particular areas. That is really a very big issue—an issue which is sought to be fought out now upon grounds which are not contained in the Bill. Therefore, I cannot but say that you are fighting about a proposition which has not been contemplated by the Bill itself. This lacuna is

LIBRARY ARCHIVES Kerala Legislative Assembly

now sought to be filled in by a declaration of Government. For my part I must say that if the voting on this Bill be tantamount to an agreement for a scheme of additional taxation, then for my part, I shall refuse to support the Bill. If as my friend Mr. T. K. Nayar pointed out, there are means of finding funds by other avenues of retrenchment and other sources, I don't think there will be a single non-official who will say that this Bill need not be passed. That is the plain issue. The question is not whether primary education should be made compulsory but whether by passing this Bill you agree to the whole State bearing the additional taxation, if Government decide that this Bill should be brought into force in particular areas.

Dr. A. R. Menon *(Pallippuram)*.—I move for the closure of the debate.

Mr. K. Ayyappan *(Ezhuvas South)*.—I second it.

Mr. T. S. Narayana Ayyar *(Secretary to Government)*.—Voting for this Bill means that the House shares the responsibility of additional taxation.

* മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Vadakkancheri)*.— സർ, ഇവിടെ നടന്നിട്ടുള്ള വാദപ്രതിവാദങ്ങൾക്കു മറുപടി പറയുവാനുള്ള ഒരു അവസരമാണ് ഇവിടെ ഞാൻ അവതരിപ്പിച്ചത്, പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിന് കൊണ്ടുവന്നതായ ഒരു ബിൽ സെലക്ട് കമ്മറിയുടെ ആലോചനയ്ക്കു അയച്ചതിനുശേഷം ആ കമ്മിറ്റിയുടെ ബുദ്ധിക്കനുസരിച്ച നിലയിൽ റിപ്പോർട്ട ചെയ്തിട്ടുള്ളതിനെ ഇവിടെ ആലോചനക്കെടുക്കണമെന്നുള്ളതാണ്. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനു കൊണ്ടുവന്നതായ ഒരു ബിൽ ഈ നിയമസഭയിലെ ഇരുകക്ഷികൾക്കും, അതായത് ഗവമ്മെണ്ടിനും അനുദ്യോഗസ്ഥന്മാർക്കും ഒരുപോലെ ആവശ്യമായിട്ടുള്ളതാണെന്ന് ഇവിടെ നടന്ന എല്ലാ പ്രസംഗങ്ങളിലും നിന്നും പ്രത്യക്ഷമായി കാണുന്നുണ്ട്. ഈ ബില്ലിന്റെ തത്വത്തെപ്പറ്റി അങ്ങനെ ആക്ഷേപമില്ലെന്നാണ് ഇതിനെ എതിർത്തു സംസാരിച്ചിട്ടുള്ളവരുടേയും അഭിപ്രായം. ഇതു പാസാക്കിയാൽ ഇന്നുള്ളതായ നികുതിയിൽ കൂടുതൽ വല്ല നികുതിയും അടക്കേണ്ടതായി വരുകയാണെങ്കിൽ ഞങ്ങൾ എല്ലാവരും ഇതിനെ എതിർക്കുന്നു എന്ന് ഒരു പ്രധാനപ്പെട്ട കക്ഷിയായ ജനകീയ കക്ഷിയുടെ നേതാവായ ബഹുമാന്യ മെമ്പറും അതിന്റെ ഡെപ്യൂട്ടി പ്രസിഡണ്ടും ഖജാൻജിയും വീണ്ടും പറയുകയുണ്ടായി. ഇതിനുള്ള ബഹുമാനപ്പെട്ട മെമ്പർമാരുടെ മനസ്ഥിതിയെപ്പറ്റി ഞാൻ വ്യസനിക്കതന്നെ ചെയ്യുന്നു.

* Speech not correctedbythe Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

കരയേണ്ട അവസരത്തിൽ കരയാനും എനിക്കറിയാം. ഇതിനു പല തരത്തിലും മറുപടി പറയാനും എനിക്കറിയാം.

ഇനി വിഷയത്തെപ്പറ്റി പറയാം. ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽ ഈ ബിൽ വേണമോ വേണ്ടയോ എന്ന കാര്യത്തിൽ ആക്ഷേപമില്ല. ഈ ബിൽ സെലക്ട് കമ്മറ്റിക്കയക്കുവാൻ ഇവിടെ അവതരിപ്പിച്ച അവസരത്തിൽ ദിവാൻ പ്രസിഡൻറവർകൾ വളരെ വിശദമായും സുദീർഘമായും ചെയ്ത സ്റ്റേറ്റുമെണ്ടു ഗവമ്മെണ്ടു അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ള പ്രൊസീഡിംഗ്സിൽ വിശദപ്പെടുത്തീട്ടുണ്ട്. അതു് ഇന്നത്തെ നിലയിൽ നിർബന്ധ വിദ്യാഭ്യാസം അത്യാവശ്യമെന്നു തോന്നുന്നുണ്ടെങ്കിൽ അതിൽ ഗവമ്മെണ്ടിനു് യാതൊരു വിരോധവുമില്ല. പക്ഷെ ഇപ്പോൾതന്നെ വിദ്യാഭ്യാസത്തിനു് ഡിപ്പാർട്ടുമെണ്ടിൽനിന്നു് ഒരു ന്യായമായ സംഖ്യ ചിലവാക്കുന്നുണ്ടു്. അതിൽ കൂടുതൽ സംഖ്യ ഇതിനു ചിലവാക്കേണ്ടി വരുമെങ്കിൽ അതിനു നിങ്ങൾ ഒരുങ്ങണം. അതിനു ഗവമ്മെണ്ടു് ഒരു നികുതി ചുമത്തേണ്ടി വരുകയാണെങ്കിൽ ഈ സഭയുടെ അനുവാദവും ഉണ്ടായിരിക്കണമെന്നു് അദ്ദേഹം വളരെ വ്യക്തമായ ഭാഷയിൽ ഈ സഭയോടു ആവശ്യപ്പെട്ടിട്ടുണ്ടു്. ഇങ്ങിനെ ആവശ്യപ്പെട്ട സമയത്തു ചില വാദപ്രതിവാദങ്ങൾ നടന്നതിനു ശേഷമുണ്ടായ ഒരു സ്റ്റേറ്റുമെണ്ടു ഇവിടെ വായിക്കുന്നതു് അത്യാവശ്യമാണു്. ഇപ്പോൾ ഞാൻ ഇവിടെ പറഞ്ഞ കക്ഷിയിൽനിന്നു് പുറപ്പെട്ടതായിട്ടുള്ള ആക്ഷേപം, അതായതു് നികുതി വേണമെന്നു പറഞ്ഞതിനെ ഞങ്ങൾ എതിർക്കുന്നു എന്നു പറഞ്ഞ ആക്ഷേപം; ഇവർ ഉൾപ്പെടെയുള്ള കൌൺസിലിൽ പറഞ്ഞ വാചകമാണു് ഞാൻ വായിക്കുന്നതു്. ദിവാൻ പ്രസിഡണ്ടു് അവർകളുടെ സ്റ്റേറ്റുമെണ്ടിന്റെ അവസാനം പറഞ്ഞിട്ടുള്ളതു് "The cess is only to supplement the general finances" എന്നാണു്. ഇതു് പറഞ്ഞിട്ടു കുറെ നേരം യോഗം മൌനമായിരുന്നു. മൌനമായിരുന്നതിന്റെ അർത്ഥം, ഇതിനെ അവതരിപ്പിക്കുവാൻ ഭാഗ്യമോ നിർഭാഗ്യമോ ഉണ്ടായ ഞാൻ എന്താണു മറുപടി പറയേണ്ടതെന്നു ഇവിടെയുള്ള ഓരോ സാമാജികന്മാരോടും അന്വേഷണം നടത്തുകയുണ്ടായി എന്നാണു്. എഴുത്തുമൂലമല്ല, പ്രസംഗംമൂലമല്ല, ഓരോരുത്തരുടെ മുഖത്തേക്കുള്ള നോട്ടംകൊണ്ടു ഞാൻ എന്താണു മറുപടി പറയേണ്ടതെന്നു് എല്ലാവരോടും ചോദിച്ചു. എന്റെ അടുത്തിരുന്നവരോടു ചോദിച്ചിട്ടു് ഞാൻ പറഞ്ഞ മറുപടി ഇവിടെ പറയാം.

"Mr. President, Sir, after hearing the view of the Government I am advised by my Hon'ble friends to accept the proposition even of additional taxation and even at that cost have compulsory elementary education introduced in the State". In view of that position taken up by the House I do not think I am called upon to answer any one of the points raised by the other side. This is an open statement made in this House to the hearing of every Hon'ble Member of

LIBRARY ARCHIVES Kerala Legislative Assembly

this House inclusive of the various Hon'ble Members who vehemently opposed this proposition here. There was not a word of whisper made by any Hon'ble Member of this House against this unequivocal statement which I made in reply to the Diwan-President's statement. I am sorry that such aspersions are made.

Mr. K. Ayyappan *(Ezhuvas South).*—Was there any dissentient voice then?

Deputy President.—Order, order.

Mr. P. Kumaran Ezhuthassan *(Vadakkancheri).*— I have made on that occasion this statement to the hearing of all the Hon'ble Members who were then in this House and not a whisper was made by any Hon'ble Member including the Hon'ble Members who opposed it, purely on the ground of additional taxation. I challenge any one Member of this House who remained quiet at that time in the face of such unequivocal statements made by me on a very important proposition like this whether we can get over the whole difficulty by saying that if there is additional taxation we oppose it.

Mr. M. V. Cherian *(Mattancheri South).*—I want to know whether this tax was made known to the public and whether the public agreed to the taxation?

Rao Sahib I. N. Menon *(Director of Public Instruction).*— I was the chairman of the select committee. We went into the examination of witnesses and wherever we went this aspect of taxation was also placed before the witnesses. There was also opposition.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Vadakkancheri).*— ഇതാണ് ഞാൻ ഈ കൌൺസിലിൽ പറഞ്ഞ മറുപടി. ഞാൻ ഇതു പറഞ്ഞിട്ടുള്ളതു് എന്റെ നിയോജക മണ്ഡലത്തിനുവേണ്ടിയോ എന്റെ സ്വന്തം നിലയിലോ അല്ല. അതു ഞാൻ ഉപയോഗിച്ചിട്ടുള്ള വാക്കുകളിൽ നിന്ന് വിശദമാകും.

ഈ സ്റ്റേറുമെണ്ടിനെ ഈ പുസ്തകത്തിൽ ചേർക്കുവാനായി അനുവദിച്ചുകൊണ്ട് നിങ്ങൾ ഇതിനെ എതിർക്കുന്നു എന്നു പറഞ്ഞു് ഒരു ഭാഗം ഉത്തരവാദിത്വമുള്ളവർ പുറപ്പെട്ടതായാൽ വളരെ സങ്കടമാണ്.

ഇനി എനിക്കു പറയുവാനുള്ളതു് വേറെ ചില സംഗതികളാണ്. വ്യ ശ. മ. ലിറ്ററസിയുണ്ടെന്നു പറയുന്നതു്. . . . .

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ് ഐ. എൻ. മേനോൻ *(Director of Public Instruction)*.— ഏ ശ. മ. ലിറ്ററസിയുണ്ടെന്നു പറഞ്ഞിട്ടില്ല. . . . What I said was that 80 per cent of the children of school going age are under instruction.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Vadakkancheri)*.— അതു യും മതി. ഇവിടെ ഗവമ്മെണ്ടു മറുപടി പറഞ്ഞിട്ടുള്ളതിൽ കാണാം. കൊച്ചീ രാജ്യത്തു ഏർ സമുദായങ്ങൾക്കു ന്നൂറിക്കു ഏറ ശതമാനം വിദ്യാഭ്യാസമേയുള്ളൂ എന്നും അതിൽ ഫർ സമുദായങ്ങൾക്കു ന്നൂറിക്കു പത്തേയുള്ളൂ എന്നും പറഞ്ഞിട്ടുണ്ടു്. ഇതൊക്കെ ഗവമ്മെണ്ടിൽനിന്നു് തന്നിട്ടുള്ള മറുപടിയാണു്. അതുകൊണ്ടാണു് ചില പ്രത്യേക സമുദായങ്ങളിലും ചില പ്രത്യേക സ്ഥലങ്ങളിലും വിദ്യാഭ്യാസം നിർബന്ധമാക്കണമെന്നു പറഞ്ഞിട്ടുള്ളതു്. ഇതിനുവേണ്ടിയുള്ള നികുതി ചുമത്തുവാൻ സമ്മതമുണ്ടോ? അതുകൊണ്ടു ഞാൻ പറയുന്നതു് അനുദ്യോഗസ്ഥ ഭാഗത്തു് യഥാർത്ഥത്തിൽ ഈ ബില്ലിനു് യാതൊരു ആക്ഷേപവും വിരോധവും കൊണ്ടുവരുവാൻ നിവൃത്തിയില്ലാത്ത ഒരു നിലയാണു് ഉള്ളതെന്നാണു്. പിന്നെ ഒരു ഭാഗത്തു് സഭയ്ക്കു വിരോധമുണ്ടു് എന്നു പറയുന്നതു് എന്തു തരത്തിലുള്ള പ്രസംഗമാണെന്നു എനിക്കറിഞ്ഞു കൂടാ.

ദിവാൻ പ്രസിഡണ്ടു് അവർകൾ പറഞ്ഞ കമ്മിറ്റി — ഇന്നു തരത്തിൽ റിപ്പോർട്ടു ചെയ്യുമെന്നു ഗവമ്മെണ്ടിനു വിശ്വാസമുള്ള ആളുകളെ ചേർത്തുള്ള ഒരു കമ്മിറ്റി — വെക്കുകയാണെങ്കിൽ ഞങ്ങൾക്കു എതിരായിട്ടുള്ള അഭിപ്രായമേ രേഖപ്പെടുത്തുകയുള്ളൂ. ഒരു കമ്മിറ്റി രൂപീകരിച്ചു ആലോചിക്കുന്നതായാൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നു തന്നെ ചില ഇനങ്ങളിൽ അധികമായി നടന്നുവരുന്ന ചിലവു ചുരുക്കി അതു വക സംഖ്യയെല്ലാം പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടി ചിലവാക്കുവാൻ സാധിക്കുന്നതാണു്. അതു പോര. അതു എന്റെ സ്നേഹിതൻ പറഞ്ഞ മാതിരി ഒരു പൊതുവേയുള്ള കമ്മിറ്റിയായാൽ കുറെക്കൂടി എളുപ്പമായിട്ടുള്ള സംഗതിയായിരിക്കും. അതിൽ ഗവമ്മെണ്ടു ശ്രദ്ധവെക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. പലേ സമുദായങ്ങളും വിദ്യാഭ്യാസത്തിൽ വളരെ താഴ്ന്ന പടിയിൽ ഇരിക്കുന്ന സ്ഥിതിക്കും പലേ സ്ഥലങ്ങളിലും വിദ്യാഭ്യാസം വളരെ താഴ്ന്ന പടിയിൽ ഇരിക്കുന്നതുകൊണ്ടും ഈ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കണമെന്നു ബില്ലിന്റെ തത്വത്തെപ്പറ്റി ആക്ഷേപമില്ലാത്ത സ്ഥിതിക്കും നികുതി എന്ന വാക്കു ഇവിടെ സമ്മതിച്ചിട്ടുള്ളതുകൊണ്ടും ഒരു വലിയ നികുതി കൂടാതെ തന്നെ തൽക്കാലത്തേക്കെങ്കിലും ചില സ്ഥലങ്ങളിൽ പണം ഉണ്ടാക്കുവാൻ മാർഗ്ഗമുണ്ടെന്നു വിശ്വാസമായി കഴിഞ്ഞിട്ടുള്ള സ്ഥിതിക്കും ഈ ബില്ലിനെ നികുതി എന്ന കേട്ട പേടിച്ചു് പ്രസംഗിച്ചുരുക്കി ഇതിനെ നിയമമാക്കുവാൻ സഹായിക്കണമെന്നു അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South)*.— റിട്ട് റേഞ്ചുമെണ്ടിനു ശ്രമിച്ചിട്ട് അതു സാധിക്കാതെ വരുന്നപക്ഷം എന്താണ് വേണ്ടതു എന്ന് അന്ന ദിവാൻ പ്രസിഡണ്ട് പറഞ്ഞ മറുപടി അറിഞ്ഞു കൂടേ?

Dr. A. R. Menon *(Pallippuram)*.—On a point of information, Sir, can you take any vote on this discussion? The principle of the Bill was accepted in the first stage. The second stage is only to discuss the various provisions of the Bill. How can you now consider the general principles underlying the Bill and take a vote on that?

Deputy President.—There is a motion before the House that the Bill be taken into consideration. Therefore that motion has to be put to the vote.

Motion was put and carried.

Mr. P. Kumaran Ezhuthassan *(Vadakkancheri)*.—A Poll, Sir.

POLL.

Ayes.	Noes.
1. Mrs. Meenakshi N. Menon.	1. Mr. Shabdai S. Koder.
2. Miss G. M. D'Souza.	2. Mr. C. P. Lonappan.
3. Mr. C. R. Iyyunni.	3. Mr. George Parakkal.
4. Mr. P. Kumaran Ezhuthassan.	4. Mr. A. Eachara Menon.
5. Mr. K. Ayyappan.	5 Mr. T. C. Iyyukutty.
6. Mr. T. K. Nayar.	6. Mr. V. K. Kutty
7. Mr. V. K. Krishnankutty.	7. Mr. M. Sivarama Menon.
8. Mr. K. M. Kunhi Moideen.	8. Mr. K. S. Manickam.
9. Mr. P. Govinda Menon.	9. Mr. M. V. Cherian.
10. Mr. K. M. Ibrahim.	10. Mr. A. V. Moothedan.
11. Mr. K. S. Panickar.	11. Mr. A. Narayana Menon.
12. Mr. K. Ashtamoorthi Nambudiripad.	12 Mr. Popatlal Goverdhan Lalan.
13. Mr E. Ikkanda Warriar.	13. Mr. R Viswanathan Chettiyar.
14. Mr. T. A. Ramachandra Ayyar.	14. Mr. P. C. Varkey.
15. Dr. A. R. Menon.	

Mr. P. Kumaran Ezhuthassan *(Vadakkancheri)*.—May I know the Government position; are they neutral?

Mr. T. S. Narayana Ayyar *(Secretary to Government)*.—They have made their position clear. Government do not vote.

LIBRARY ARCHIVES Kerala Legislative Assembly

Deputy President.—The question is that clause 2 stand part of the Bill.

Commencement and extent.

2. (i) It shall come into operation in such areas and with respect to such communities and from such dates as may be notified by Government.

Explanation:- For the purpose of this Regulation a Municipality shall be constituted a separate area.

(ii) Every notification under sub-section (i) above shall be published in the Cochin Government Gazette and shall be advertised locally in such manner as may be prescribed.

(iii) It extends to the whole of Cochin.

Mr. Thomas Manjuran *(Government Advocate and Law Officer).*—Sir, I beg to move the following amendment to Section 2:

"From section 2 (1) of the bill delete the words 'and with respect to such communities'."

Some of the reasons against the provision with regard special enforcement of compulsory education with regard to particular communities have been given by the Hon'ble Member for Pallippuram in his dissenting minute. He states there—

"With regard to the application of compulsion to Backward Communities I am of opinion that the enforcement of this bristle with great difficulties. If this clause is adopted the principle of compulsion is more or less introduced all over the State simultaneously. The Government are of opinion that they are not in a position now to accept the principle of compulsion all over the State all at once. Hence selected areas are suggested for compulsion. Further it is difficult to bring these cummunities under the direct supervision of the Committees proposed to be appointed unless a few roving committees are created for the purpose of the proper enforcement of compulsion.

I do not think that such a provision exists in the Educational Code of any Government. For the reasons stated above, I am of opinion that this clause occurring in section 2 (i) of this Bill should be deleted".

If compulsory education were to be introduced in the State there is no reason why the children of only particular communities should be compelled to educate themselves. Prima Facie that appears to be the position. I can understand special treatment being given to them. For that purpose Government are giving special concessions for their education and there is also a separate department to look after their welfare. When it is a question of compelling every child to educate itself fundamentally there could be no such distinction made. After all what is the policy underlying this bill? Education is being

LIBRARY ARCHIVES Kerala Legislative Assembly

forced on the individual. If the State proposes to force education on the individual I merely cannot understand how the State could accept such a distinction.

Mr P. Kumaran Ezhuthassan *(Vadakkancheri).*—Is it the view of the Government or the educational expert's view?

Mr. Thomas Manjuran *(Government Advocate and Law Officer).*— I am speaking on behalf of Government. This is the position of Government. Government consider after giving full consideration to the subject that when it comes to a question of compelling an individual for receiving education, there is absolutely no justification in principle or any other known justification to compel the child of one community to receive education while exempting the child of another community.

(Mr. P. Kumaran Ezhuthassan spoke something from his seat.)

Mr. Thomas Manjuran *(Government Advocate and Law Officer).*—I cannot hear the Hon'ble Member. I can reply to only criticisms made in an audible manner.

Mr. P. Kumaran Ezhuthassan *(Vadakkancheri).*—I would not be ordered from that side of the House.

Deputy President.—Order, order, let the Hon'ble Member continue his speech.

Mr. Thomas Manjuran *(Government Advocate and Law Officer).*—I am entitled to express my view just as much as as the Hon'ble Member for Wadakkancheri. This running commentary of a murmuring nature I must emphatically reprobate.

Government are definitely of opinion that this sort of communal distinction is not possible or desirable and cannot be accepted without violating the ordinary accepted principles of the duties of Government. A practical difficulty pointed out by the Hon'ble Member for Pallippuram is also worth consideration. Hon'ble Members will realise that this education is to be given by educational committees. If it is to be introduced in the State it is to be controlled and governed by these committees. These committees are bound to be of a more or less rowing nature. Unless these committees are of a local nature, it is very difficult to exercise real influence upon the citizens of particular areas. Supposing for instance, all the Pulayas are to be compulsorily educated. You have to from a

LIBRARY ARCHIVES Kerala Legislative Assembly

committee for it. I suppose a committee consisting of individuals all over the State will have to be formed. At least there should be a member for each taluk and therefore we will have six members for the six taluks. And the one member from a particular taluk will be able to exert some influence so far as the Pulayas in that taluk are concerned. The other 5 members will more or less be non-entities so far as that local area is concerned. That is only one of the arguments.

Besides, the question of starting compulsion by extending compulsion to particular communities would mean that you will have to start them for Pulayas, then Ulladans, Arayans, this community and that community in a desultory manner. This does not certainly appeal to Government. Government are constrained to oppose the introduction of such an amendment in the Bill as originally introduced and proposed. Hence I request that this amendment may be accepted by the House.

* മിസ്റ്റർ കെ. അയ്യപ്പൻ *(Ezhuvas South)*.— ഗവമ്മെണ്ട് ഒടുവിൽ പറഞ്ഞ ന്യായങ്ങളിൽ കുറെ ന്യായമില്ലെന്നു പറഞ്ഞുകൂടാ. ഇതു നടപ്പിൽ വരുത്തുന്നതിന് കുറെ വിഷമമുണ്ടെന്നു പറഞ്ഞു. അതു ന്യായമാണെങ്കിലും സഹിക്കാവുന്ന ഒരു വിഷയം മാത്രമാണ്. അതിനു മുമ്പു പറഞ്ഞ കാരണങ്ങളൊന്നും ഒരിക്കലും ശരിയല്ല. ഈ ബില്ലിന്റെ തത്വം മനസ്സിലാക്കാതെയാണ് ലാ മെമ്പറവർകൾ. അദ്ദേഹത്തിന്റെ ന്യായങ്ങൾ മുഴുവൻ പ്രസ്താവിച്ചതു്. നിർബന്ധം കൂടാതെ പഠിക്കാത്തവരെക്കൂടി പഠിപ്പിക്കുകയെന്നുള്ളതാണ് ഈ ബില്ലിന്റെ തത്വം. അങ്ങിനെയാണെന്നുണ്ടെങ്കിൽ ചില പ്രത്യേക സമുദായക്കാർ ആ നിലയിൽ നിൽക്കുന്നുണ്ടെങ്കിൽ അവരുടെ ആവശ്യത്തിനു വേണ്ടി ഈ ബില്ലിന്റെ തത്വപ്രകാരം ഗവമ്മെണ്ടു സ്വീകരിക്കേണ്ടതാണ്. അതുകൊണ്ടു് ഇതിനൊരു ഭേദഗതി വരുത്തുവാൻ ഇത്രവളരെ നേരം വാദിക്കേണ്ട കാര്യം ഇല്ല. എഡ്യൂക്കേഷൻ കമ്മിറ്റി ഏർപ്പെടുത്തുന്ന വിഷയത്തിൽ ചില പ്രായോഗിക വിഷമങ്ങൾ ഉണ്ടാകുമായിരിക്കാം. ആ വിഷമങ്ങളെല്ലാം സഹിച്ചിട്ട വേണം ഇതു നടപ്പിലാക്കാൻ. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

* **Dr. A. R. Menon** *(Pallippuram)*.—Sir, I was responsible for writing that note of dissent and I want to assign the reason why I took up this attitude. I have raised three points in the note. One is that Government are not in a position to introduce compulsion all over the State. My point is that if you accept the clause as it is, it is tantamount to introducing compulsion all over the State. There is no doubt about it. With regard to certain communities, these communities live

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

all over Cochin State. Therefore compulsion should be introduced all over the State though not in all the areas of Cochin State.

Mr. K. Ayyappan (*Ezhuvas South*).—To all the areas, but not all the people.

Dr. A. R. Menon (*Pallippuram*).—No. You must introduce compulsion all over the State if you make it compulsory for certain communities.

Mr. K. Ayyappan (*Ezhuvas South*)—Geographically.

Dr. A. R. Menon (*Pallippuram*).—Yes, geographically. Government's position is that they find it very difficult even to take it to selected areas. Now you are trying by this clause to ask Government to introduce compulsion all over the State.

